**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 318 | 25.04.2017 ൽ മറുപടിയ്ക്ക് |
|---|---|
| **അങ്കണവാടികൾക്ക് സ്വന്തമായി ഭൂമി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.എം. രാജഗോപാലൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| അങ്കണവാടികൾക്ക് സ്വന്തമായി ഭൂമി വിട്ട് നൽകിയവരുടെ ആശ്രിതർക്ക് ജോലി നൽകുമെന്ന വ്യവസ്ഥയിൽ തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനിയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി മല്ലികയ്ക്ക് ജോലി സ്ഥിരത നൽകാൻ നടപടികളുണ്ടാകുമോ;1.12.2013 മുതൽ സ്ഥിരനിയമനത്തിൽ വർക്ക് ചെയ്യുന്ന ഇവർക്ക് ജോലിയുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | നീലേശ്വരം ഐ. സി.ഡി. എസിൽ അങ്കണവാടി ഹെൽപ്പറായി നിയമനം ലഭിച്ച ശ്രീമതി. മല്ലികയുടെ നിയമനം അനധികൃതമാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ സാമൂഹ്യനീതി ഡയറക്ടറുടെ നിർദ്ദേശാനുസരണം നീലേശ്വരം ശിശു വികസന പദ്ധതി ഓഫീസർ ടിയാളെ ജോലിയിൽ നിന്നും പിരിച്ചു വിട്ടു. എന്നാൽ ശ്രീമതി മല്ലിക ഇതിനെതിരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി മല്ലികയെ താത്ക്കാലികമായി ജോലിയിൽ തുടരാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ടിയാളുടെ ജോലി സ്ഥിരത സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ